"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ദേവികുളം ഗ്രാമപഞ്ചായത്ത്- എസ്റ്റേറ്റ് മേഖലയിൽ സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ച് മാനദണ്ഡപ്രകാരമുള്ള പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

G.O.(Rt) No.838/2022/LSGD　　　　തീയതി,തിരുവനന്തപുരം, 03-04-2022

---

പരാമർശം:- 1. 05.02.2022 ലെ സ.ഉ.(സാധാ) നം.258/2022/എൽ.എസ്.ജി.ഡി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ 11.03.2022 ൽ കൂടിയ യോഗത്തിന്റെ 4.73 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

ദേവികുളം ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 18 വാർഡുകളിൽ 17 വാർഡുകളും എസ്റ്റേറ്റ് മേഖലയിലാണ്. 15 വാർഡുകൾ KDHP യുടെ ഉടമസ്ഥതയിലും 2 വാർഡുകൾ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഉടമസ്ഥതയിലുമാണ്. അതിനാൽ ധനകാര്യ കമ്മീഷൻ (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - റ്റൈഡ് ഗ്രാന്റ്) ഉപയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. ഇതേ വിഷയം സി.എഫ്.സി അടിസ്ഥാന ഗ്രാന്റ് ഉപയോഗിക്കുന്നതിനും ഉണ്ടായിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ തീരുമാന പ്രകാരം (ഖണ്ഡിക 4.7) പൊതുജനങ്ങൾക്ക് എസ്റ്റേറ്റ് റോഡ് ഉപയോഗിക്കുന്നതിന് അനുമതി നൽകാം എന്ന് എസ്റ്റേറ്റ് കമ്പനിയും ഗ്രാമപഞ്ചായത്തും കരാർ വയ്ക്കണമെന്ന നിബന്ധനയോടെ എസ്റ്റേറ്റ പ്രദേശത്തെ റോഡുകളുടെ നിർമ്മാണ /പുനരുദ്ധാരണത്തിന് അനുമതി നൽകിയിരുന്നു. ഒപ്പം പൊതുജനങ്ങൾ ഉപയോഗിക്കുന്ന റോഡുതന്നെയാണെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

ഇതേ രീതിയിൽ സി.എഫ്.സി. റ്റൈഡ് ഗ്രാന്റും പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കുന്ന കാര്യം യുടെ 11.03.2022 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റി പരിഗണിക്കുകയും കമ്മിറ്റി തീരുമാന പ്രകാരം

എസ്റ്റേറ്റ് മേഖലയിലും സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ച് മാനദണ്ഡപ്രകാരമുള്ള പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിന് താഴെ പറയുന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ധനകാര്യകമ്മീഷൻ - ടൈഡ് ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡം പാലിക്കണം.
- സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പൊതുജനങ്ങൾക്ക് വേണ്ടിയുള്ളതാകണം
- ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർണ്ണമായി ലഭ്യമാക്കും എന്നും ആസ്തികൾ നശിപ്പിക്കില്ല എന്നും ഗ്രാമപഞ്ചായത്തും എസ്റ്റേറ്റ് കമ്പനിയും തമ്മിൽ കരാറിലേർപ്പെടണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

R S KANNAN

SPECIAL SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, ദേവികുളം ഗ്രാമപഞ്ചായത്ത്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്.

ധനകാര്യ വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 04-04-2022 10:54:09

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്